# GHWLPS CHUNANGAD

## അക്കാദമിക മാസ്റ്റർ പ്ളാൻ

## 2025-26

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതു വിദ്യാ ലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ എത്തിക്കുന്നതിനാവശ്യമായ അക്കാ ദമിക ഇടപെടലുകൾ ആസൂത്രണചെയ്യുന്നതിനാണ് അക്കാദമിക മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നത്.പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടു പോകുക, എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ മാസ്റ്റർ പ്ളാനിന്റെ ലക്ഷ്യം.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്ത ഈ മാസ്റ്റർ പ്ളാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന ഉറപ്പൊടെ സമർപ്പിക്കുന്നു.

## <u>സ്കൂൾ ഫാക്കൽറ്റി</u>

ശ്രീമതി ഷീന എം എസ്   (  ഹെഡ്മിസ്ട്രസ്)

ശ്രീമതി ബിന്ദു പി കെ(പി ഡി ടീച്ചർ)

ശ്രീമതി വിദ്യ എം(എൽ പി എസ് എ)

ശ്രീ അജി തോമസ് (എൽ പി എസ് എ)

ശ്രീമതി ഷജീന വി(അറബിക് ടീച്ചർ)

ശ്രീ രാജകുമാർ(പി ടി സി എം)

ശ്രീമതി നഫ് ല (പ്രീ പ്രൈമറി ടീച്ചർ)

ശ്രീമതി ബേബി(കുക്ക്)

**പി ടി എ പ്രസിഡന്റ്     ശ്രീമതി റഷീദാബി**
**എം പി ടി എ പ്രസിഡന്റ്   ശ്രീമതി ശരണ്യ**
**എസ് എം സി ചെയർമാൻ       ശ്രീ അനിൽകുമാർ**

# <u>ലക്ഷ്യങ്ങൾ</u>

## ഭാഷാവികസനം

എല്ലാ കുട്ടികളേയും ആശയഗ്രഹണതയോടെ വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക
എല്ലാ കുട്ടികൾക്കും അവരുടെ ക്ളാസിനനുയോജ്യമായ തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്ന് ഉറപ്പാക്കുക
കുട്ടികളുടെ സർഗ്ഗാത്മക ശേഷി വളർത്താനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരങ്ങൾ ഉണ്ടാക്കുക

ആശയങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കാനുള്ള കഴിവ് വളർത്തുക

മികച്ച വായനാശീലം വളർത്തുക.ക്ലാസ് തല ലൈബ്രറികളിൽ പുസ്തകങ്ങൾ ലഭ്യമാക്കുക

## ഇംഗ്ലീഷ്

ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുക
സ്വതന്ത്ര വായനക്കും എഴുത്തിനും അവസരങ്ങൾ ഒരുക്കുക
സാങ്കേതിക സൗകര്യങ്ങൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക
ക്ലാസ് തല ലൈബ്രറികളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ ലഭ്യമാക്കുക

## പരിസരപഠനം

ശാസ്ത്ര പഠനത്തിൽ താത്പര്യം ഉണ്ടാക്കുക
ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കുക
നേരിട്ടുള്ള അനുഭവങ്ങളിലൂടെ ശാസ്ത്രാശയങ്ങൾ മനസ്സിലാക്കാനുള്ള അവസരങ്ങൽ ഒരുക്കുക
ലഘുപരീക്ഷണങ്ങൾ ചെയ്യുന്നതിനും അവയ്ക്കാവശ്യമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുമുള്ള സന്ദർഭങ്ങൾ സൃഷ്ടിക്കുക

## ഗണിതം

അടിസ്ഥാന ഗണിതശേഷികൾ ഉറപ്പാക്കുക
ഓരോ ക്ലാസിലും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക
ഗണിതകളികളിലൂടേയും കുസൃതികണക്കുകളിലൂടേയും ഗണിതപഠനം രസകരമാക്കുക
ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക
ഗണിതചിന്ത,ഗണനചിന്ത,യുക്തിചിന്ത,എന്നിവ വളർത്തിയെടുക്കുക

## ഐ സി ടി

കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം ഒരുക്കുക

അറിവ് നിർമ്മാണപ്രക്രിയയിൽ വിവരസാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിക്കുക

## അറബിക്

കരിക്കുലം ലക്ഷ്യം വയ്ക്കുന്ന ശേഷികൾ കൈവരിക്കുക

ഒരു അധികഭാഷ എന്ന രീതിയിൽ താത്പ്പര്യമുള്ള എല്ലാ കുട്ടികൾക്കും അറബിക് ഭാഷ പഠിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

കുട്ടികളിൽ നിർമ്മാണാത്മകശേഷി വർദ്ധിപ്പിക്കുക

ഉപയോഗശൂന്യമായ വസ്തുക്കളിൽ നിന്ന പഠനോപരണങ്ങൾ നിർമ്മിക്കുക

പ്രവൃത്തി പരിചയത്തെ മറ്റു വിഷയങ്ങളുമായി ബന്ധിപ്പിക്കുക

## ആരോഗ്യ കായിക വിദ്യാഭ്യാസം

ആരോഗ്യശീലങ്ങൾ വളർത്തുക

എല്ലാവർക്കും കായികക്ഷമത ഉറപ്പാക്കുക

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാവർക്കും അവസരം ഒരുക്കുക

ക്യാമ്പസിനെ മാലിന്യമുക്തവും ഹരിതാഭവും ആക്കുക

## കലാപരിശീലനം

ഓരോ കുട്ടിയുടേയും സവിശേഷ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുക
സർഗ്ഗാത്മകശേഷിയും കലാഭിരുചിയും വളർത്തുക
അന്യം നിന്നുപോകുന്ന കലാരൂപങ്ങളും തനതുകലാരൂപങ്ങളും കാണുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക

# പ്രവർത്തനപദ്ധതികൾ

## മലയാളം

### മേഖല – വായന

| നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | പുസ്തകപരിചയം | സാഹിത്യാഭിരുചി വർദ്ധിപ്പിക്കുക | പുസ്തകത്തെ കുറിച്ച ലഘു വിവരണം എഴുതി പ്രദർശിപ്പിക്കുന്നു. | ആഴ്ച്ചയിൽ ഒന്ന് ജൂൺ മുതൽ മാർച്ച് വരെ | | |
| 2 | ഉച്ചഭാഷിണി വായന | അർത്ഥപൂർണ്ണമായി വായിക്കുക | ഒരു കുട്ടി ഒരു ദിവസം അസംബ്ലിയിൽ വായിക്കുന്നു | നാല് ദിവസം ആഴ്ച്ചയിൽ ജൂൺ മുതൽ മാർച്ച് വരെ | അതത് ക്ലാസ്സധ്യാപകർ | |
| 3 | വായനാമൂല | വായനാശീലം വളർത്തുക | ക്ളാസ്സുകളിൽ പ്രത്യേകം വായനാമൂല ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അതത് ക്ലാസ്സധ്യാപകർ | |

**മേഖല – ലേഖനം**

| നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ക്ലാസ് തല കയ്യെഴുത്ത് മാസിക | ആശയങ്ങൾ വിവിധ തരത്തിൽ പ്രകടിപ്പിക്കുക | ഓരോ മാസത്തിലെ മികച്ച പഠനപ്രവർത്തനങ്ങൾ ഉൾപ്പെടുത്തി | മാസത്തിൽ ഒന്ന് ജൂൺ മുതൽ മാർച്ച് വരെ | അതത് ക്ലാസ്സധ്യാപകർ | |
| 2 | എന്റെ വായനാകുറിപ്പുകൾ | അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായനാകാർഡ്,പുസ്തകങ്ങൾ എന്നിവയുടെ വായനാകുറിപ്പുകൾ | ജൂൺ മുതൽ മാർച്ച് വരെ | അതത് ക്ലാസ്സധ്യാപകർ | |
| 3 | സ്കൂൾ പത്രം | ആശയങ്ങൾ വിവിധ തരത്തിൽ പ്രകടിപ്പിക്കുക | വിദ്യാലയവിശേഷങ്ങൾ ഉൾപ്പെടുത്തി പത്രം തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | |

# <u>മലയാളം മറ്റു പ്രവർത്തനങ്ങൾ</u>

| നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | പാട്ടരങ്ങ് | സംഗിതാത്മകതയിലൂടെ ഭാഷാ ജ്ഞാനവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നു | പാട്ടുകൾ പഠിച്ച് താളാത്മകമായി അവതരിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | അതത് ക്ലാസ്സധ്യാപകർ | |
| 2 | രചനോത്സവം | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക | നൽകിയ വ്യവഹാര രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റി എഴുതുന്നു | ജൂൺ മുതൽ മാർച്ച് വരെ | | |
| 3 | റീഡേഴ്സ് തിയ്യറ്റർ | വായനാ താത്പര്യവും അഭിനയം വഴി വ്യക്തിത്വവികസനവും | കുട്ടികൾ അഭിനയത്തോടെ വായിക്കുന്നു | മാസത്തിൽ ഒന്ന് | അതത് ക്ലാസ്സധ്യാപകർ | |
| 4 | ഡയറി | അനുഭവങ്ങൾ എഴുതാനുള്ള അവസരം ലഭിക്കുന്നു | എല്ലാ കുട്ടികളും ഡയറി എഴുതുന്നു | ദിവസേന ജൂൺ മുതൽ മാർച്ച് വരെ | അതത് ക്ലാസ്സധ്യാപകർ | |

## <u>ഇംഗ്ലീഷ്</u>

| നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് അസംബ്ലി | കാര്യങ്ങൾ ഇംഗ്ലീഷിൽ അവതരിപ്പിക്കാനുള്ള അവസരം ലഭിക്കുന്നു | അസംബ്ലിയിലെ പരിപാടികൾ എല്ലാം ഇംഗ്ലീഷിൽ | ആഴ്ച്ചയിൽ ഒരു ദിവസം ജൂൺ മുതൽ മാർച്ച് വരെ | അതത് ക്ലാസ്സധ്യാപകർ | |
| 2 | ഇംഗ്ലീഷ് ഡയറി (3,4 ക്ലാസുകളിൽ) | | ഇംഗ്ലീഷിൽ ഡയറി എഴുതുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപിക | |
| 3 | One sentence in one day | ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ സഹായകമായ സന്ദർങ്ങൾ ഒരുക്കുന്നു | ബുള്ളറ്റിൻ ബോർഡിൽ ദൈനംദിന ആശയവിനിമയത്തിനുള്ള വാക്യങ്ങൾ ചിത്രസഹിതം പ്രദർശിപ്പിക്കുന്നു. | ദിവസേന ജൂൺ മുതൽ മാർച്ച് വരെ | | |
| 4 | Reading corner | വായനാശീലം വളർത്തുക | ക്ളാസ്സുകളിലെ വായനാമൂലയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അതത് ക്ലാസ്സധ്യാപകർ | |
| 5 | ENGLISH FEST | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക | വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ENGLISH FEST നടത്തുന്നു. | ടേമിൽ ഒന്ന് | അധ്യാപകർ രക്ഷിതാക്കൾ | |
| 6 | കാർട്ടൂൺ,ഫിലിം പ്രദർശനം | ഇംഗ്ലീഷ് ഭാഷ ശ്രവിക്കുന്നതിനുള്ള അവസരം ലഭിക്കുന്നു | ഇംഗ്ലീഷ് കാർട്ടൂൺ,ഫിലിം പ്രദർശിപ്പിക്കുന്നു | മാസത്തിൽ ഒന്ന് | | |

# അറബിക്

| നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | വായനോത്സവം | പാഠ്യപദ്ധതി ലക്ഷ്യം വക്കുന്ന ശേഷികൾ നേടുക | വായനാമത്സരം, വായനാകുറിപ്പുകൾ | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |
| 2 | രചനോത്സവം | വായനയിലൂടേയും എഴുത്തിലൂടേയും ഭാഷാശേഷി വർദ്ധിപ്പിക്കുക | ഭാഷാകേളികൾ,ചുമർ പത്രങ്ങൾ,പോസ്റ്ററുകൾ | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |
| 3 | അറബിക് അസംബ്ലി | കാര്യങ്ങൾ അറബിയിൽ അവതരിപ്പിക്കാനുള്ള അവസരം ലഭിക്കുന്നു | അസംബ്ലിയിലെ പരിപാടികൾ എല്ലാം അറബിക്കിൽ | മാസത്തിൽ ഒരു ദിവസം ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപിക | |

# പരിസരപഠനം

| നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | പരീക്ഷണക്കുറിപ്പ് തയ്യാറാക്കാം | ശാസ്ത്രപഠനത്തിൽ താത്പ്പര്യം വളർത്തുക | കുട്ടികൾ ചെയ്യുന്ന പരീക്ഷണങ്ങളുടെ കുറിപ്പുകൾ തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| 2 | പരീക്ഷണകിറ്റ് | ശാസ്ത്രപ്രക്രിയാ ശേഷികളുടെ വികാസം | എല്ലാ കുട്ടികൾക്കും പരീക്ഷണകിറ്റ് | | അധ്യാപകർ രക്ഷിതാക്കൾ കുട്ടികൾ | |
| 3 | ഫീൽഡ് ട്രിപ്പുകൾ | ശാസ്ത്രപ്രക്രിയാ ശേഷികളുടെ വികാസം | അനുയോജ്യമായ സ്ഥലങ്ങൾ സന്ദർശിക്കുക | ടേമിൽ ഒന്ന് | | |

# <u>ഗണിതം</u>

| നമ്പർ | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | പരീക്ഷണക്കുറിപ്പ് തയ്യാറാക്കാം | ശാസ്ത്രപഠനത്തിൽ താത്പ്പര്യം വളർത്തുക | കുട്ടികൾ ചെയ്യുന്ന പരീക്ഷണങ്ങളുടെ കുറിപ്പുകൾ തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| 2 | പരീക്ഷണകിറ്റ് | ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം | എല്ലാ കുട്ടികൾക്കും പരീക്ഷണകിറ്റ് | | അധ്യാപകർ | |
| 3 | ഫീൽഡ് ട്രിപ്പുകൾ | ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം | അനുയോജ്യമായ സ്ഥലങ്ങൾ സന്ദർശിക്കുക | ടേമിൽ ഒന്ന് | അധ്യാപകർ | നമ്പർ |